കേന്ദ്രത്തിന്റെ പണി ഉടൻ ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കൊച്ചിയിൽ തീവണ്ടികടം പിക്കറ്റുചെയ്യുകയുണ്ടായിട്ടുണ്ടോ;

(ബി) ഈ പിക്കറ്റിംഗിൽ പങ്കെടുക്കുന്നതിന് എത്ര വാളന്റിയർമാരുടെ പേരിൽ കേസ് എടുത്തിട്ടുണ്ട്;

(സി) ഈ കേസ്സുകടം പിൻവലിക്കണമെന്നു കാണിച്ച് ഗവൺമെന്റിനു നൽകിയ നിവേദനങ്ങടം പരിഗണിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം.

(എ) 15–8–1969. രാവിലെ 11.15 ന് എറണാകുളം സൌത്ത് റെയിൽവേ സ്റ്റേഷനിൽവച്ച് ഐലൻറ് എക്സ്പ്രസ്സു ട്രെയിൻ പിക്കറ്റുചെയ്യുകയുണ്ടായി.

(ബി) ഇരുപത്തിയഞ്ച് (25) വോളൻറിയർമാരുടെ പേരിൽ.

(സി) പൊതുജനങ്ങടംക്ക് വളരെ അസൌകര്യം നേരിട്ടതുകൊണ്ടും വീണ്ടും കുറ്റംചെയ്യാൻ പ്രേരണ നൽകുന്ന സ്വഭാവമുള്ള കേസുകളായതുകൊണ്ടും പിൻവലിച്ചില്ല.

വിദേശ രാഷ്ട്ര പ്രതിനിധികളുമായുള്ള ബന്ധം

56. (662) ശ്രീ. സി. കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങടംക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയിലെ ഒരംഗം ഇന്ത്യയിലുള്ള വിദേശ രാഷ്ട്ര തന്ത്രപ്രതിനിധികളുമായി ബന്ധം പുലർത്തിയതു സംബന്ധിച്ചു ഇന്ത്യാ ഗവൺമെൻറിൽനിന്നും വല്ല പരാതിയും ലഭിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) അന്യരാഷ്ട്രങ്ങളുടെ തന്ത്രപ്രതിനിധികളുമായി സംസ്ഥാന മന്ത്രിമാർ സമ്പർക്കം പുലർത്തുന്നതിനെ വിലക്കിക്കൊണ്ട് ഇന്ത്യാഗവൺമെൻറിൽനിന്നും വല്ല നിർദ്ദേശവും ഈ ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എപ്പോഴാണെന്നും അതിലെ ഉള്ളടക്കം എന്താണെന്നും പറയാമോ?

ഉത്തരം

(എ) ഇല്ല.

(ബി) മറ്റു സംസ്ഥാന ഗവൺമെൻറുകളോടൊപ്പം ഈ ഗവൺമെൻറിനും ചില പൊതു നിർദ്ദേശങ്ങടം ലഭിച്ചിട്ടുണ്ട്.

(സി) 1969 സെപ്റ്റംബറിൽ ലഭിച്ച ഒരു കത്തിൽ, വിദേശകാര്യ മന്ത്രി 1969 ഏപ്രിൽ 30–ാം തീയതി ലോകസഭയിൽ ചെയ്ത ഒരു പ്രസ്താവനയുടെ പ്രസക്ത ഭാഗങ്ങടം ഉദ്ധരിച്ചിരുന്നു. അതിൻപ്രകാരം വിദേശ രാഷ്ട്രനയതന്ത്രപ്രതിനിധികടംക്ക് സംസ്ഥാനഗവൺമെൻറുകളുമായി നേരിട്ടു യാതൊരു വിഷയത്തെപ്പറ്റിയും സംഭാഷണങ്ങടം നടത്തുവാൻ പാടില്ല. സംഭാഷണങ്ങടം കേന്ദ്ര ഗവൺമെൻറിൻറെയും മാത്രമായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly